ഉത്തരം

(എ) "വാർദ്ധക്യകാല പെൻഷൻ" : കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട 65 വയസു കഴിഞ്ഞവർക്ക് ഈ പെൻഷന് അർഹതയുണ്ട്.

"അഗതി (വിധവ) പെൻഷൻ" : വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവരും ആയിരിക്കണം. ഈ പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000- രൂപയിലും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375 രൂപയിലും കൂടുതൽ ആയിരിക്കരുത്, എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ആൺമക്കൾ ഉള്ള വൃദ്ധജനങ്ങൾക്കും വിധവകൾക്കും പെൻഷൻ അനുവദിച്ചുകൂടെന്ന വ്യവസ്ഥനിലവിലില്ല. ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 16-1-2008 -ലെ സ. ഉ (എം. എസ്) നം. 2/2008/സാ.ക്ഷേ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പും, കേന്ദ്രഗ്രാമീണ വികസന മന്ത്രാലയത്തിന്റെ 24-9-2007-ലെ J 11013/1-2007/NOAP നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിന്റെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു. † (അനുബന്ധം I, II)

(ഡി) 16-1-2008-ലെ സ. ഉ. (എം.എസ്) നം. 2/08/സാക്ഷേവ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട എല്ലാവരെയും അറിയിച്ചിട്ടുണ്ട്.

വിമൺ എംപവേഡ് കമ്മിറ്റികൾ

77 (671) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽസ്ഥലങ്ങളിലെ സ്ത്രീപീഡനം സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള വിമൺ എംപവേഡ് കമ്മിറ്റികൾ എത്രയെണ്ണമാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിമൺ എംപവേഡ് കമ്മിറ്റികളുടെ ശുപാർശയിൽമേൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൺപത്തിയാറ് സർക്കാർ വകുപ്പുകളിലും/ സ്ഥാപനങ്ങളിലും മുപ്പത് പൊതുമേഖലാ സ്ഥാപനങ്ങളിലും വിമൺ എംപവേർഡ് കമ്മിറ്റികൾ രൂപീകരിച്ച വിവരം ലഭ്യമാണ്. തൊഴിൽസ്ഥലങ്ങളിൽ സ്ത്രീപീഡനം തടയുന്നതിനായുള്ള സുപ്രീംകോടതി മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള പരാതി കമ്മിറ്റികൾ അമ്പതോ അതിലധികമോ ജീവനക്കാർ ഉള്ള എല്ലാ സർക്കാർ വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും, സഹകരണ സ്ഥാപനങ്ങളിലും രൂപീകരിക്കുവാൻ സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള സർക്കാർ വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) വിവരം ശേഖരിച്ചുവരുന്നു.

തൊഴിലിടങ്ങളിൽ സ്ത്രീകളുടെ കംപ്ലയിന്റ് കമ്മിറ്റികളുടെ രൂപീകരണം

78 (672) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പരാതികൾ സ്വീകരിക്കുന്നതിന് കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന സുപ്രീം കോടതിവിധി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കംപ്ലയിന്റ് കമ്മിറ്റിയുടെ ഘടന എത്തരത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന പീഡനം സംബന്ധിച്ച് പരാതികൾ സ്വീകരിക്കുന്നതിന് കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾ ഉൾപ്പെടെ 86 സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ ഇത്തരം കംപ്ലയിന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധം- I ആയി ചേർത്തിരിക്കുന്നു.* തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീപീഡനം തടയുന്നതിനായുള്ള സുപ്രീംകോടതി മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള Sexual Harassment Complaint Committee-കൾ അമ്പതോ അതിലധികമോ ജീവനക്കാർ ഉള്ള എല്ലാ സർക്കാർ വകുപ്പുകളിലും സ്വയം ഭരണ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും രൂപീരിക്കുവാൻ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly